(ബി) കേരള എഡ്യൂക്കേഷൻ ആക്ടും അതിൻമേൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും ഇക്കാര്യത്തിൽ ബാധകമാണോ;

(സി) പ്ലസ് ടു കോഴ്സിന് പ്രത്യേകമായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് പ്രകാരമാണ് ഹയർ സെക്കണ്ടറി (പ്ലസ് ടു) കോഴ്സുകൾ നടത്തുന്നത്.

(ബി) അതെ.

(സി) ഇപ്പോൾ ഇല്ല.

പാഠപുസ്തക അച്ചടിയും വിതരണവും

*26 [146] ശ്രീ. ബിനോയ് വിശ്വം:

,, മാങ്കോട് രാധാകൃഷ്ണൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) വിതരണം ചെയ്യാൻ കഴിയാത്തതും വിതരണം പൂർത്തിയാക്കാത്തതുമായ പാഠപുസ്തകങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പാഠപുസ്തക വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) ആവശ്യമായ സംവിധാനങ്ങളില്ലാത്ത സ്വകാര്യ പ്രസ്സിലെ അച്ചടി മൂലമാണ് കാലതാമസമുണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 83 ശതമാനം വിതരണം നടന്നുകഴിഞ്ഞു.

(ബി) സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തക വിതരണം പൂർത്തിയായിരിക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് വിവിധ പ്രസ്സുകളെ അച്ചടി ജോലി ഏൽപ്പിച്ചിട്ടുള്ളത്. സർക്കാർ മേഖലയിലെ പ്രസ്സുകൾക്ക് അവരുടെ കർമ്മശേഷിയുടെ അടിസ്ഥാനത്തിലും ബാക്കിയുള്ള പുസ്തകങ്ങളുടെ അച്ചടി സ്വകാര്യ പ്രസ്സുകളെ മൽസര ടെൻഡറുകളുടെ അടിസ്ഥാനത്തിലുമാണ് ജോലി ഏൽപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുള്ളത്. പ്രൈവറ്റ് പ്രസ്സുകൾക്ക് അച്ചടി ജോലി നൽകുന്നതു സംബന്ധിച്ച നടപടികൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വളരെ നേരത്തെ തുടങ്ങിയെങ്കിലും പത്രമാധ്യമത്തിൽ വന്ന ആക്ഷേപത്തെത്തുടർന്ന് അന്തിമഘട്ടത്തിലെത്തിയ പ്രസ്തുത സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് റദ്ദാക്കേണ്ടി വന്നു. ആയതിനാൽ നടപടിക്രമങ്ങൾ വീണ്ടും ആദ്യം മുതൽ തുടങ്ങേണ്ടി വന്നു. ഇതിനിടയിൽ ഇതു സംബന്ധിച്ച പരാതി ഹൈക്കോടതിയുടെ മുമ്പാകെ വരികയും തുടർനടപടികൾ നിർത്തിവയ്ക്കുകയും ചെയ്തു. ഹൈക്കോടതിയുടെ അന്തിമ വിധി വന്നതിനു ശേഷം ആയതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കുറഞ്ഞ നിരക്കിൽ ടെൻഡർ നൽകിയവർക്ക് കരാർ ജോലി നൽകി. ഇക്കാരണങ്ങളാൽ കുറച്ച് കാലവിളംബമുണ്ടായിട്ടുണ്ട്. തുടർന്ന് അവർക്ക് അച്ചടി സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിലും കാലതാമസമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

(സി) പുസ്തകങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) 2004 ജൂലൈ ആദ്യവാരത്തിൽ തന്നെ പാഠപുസ്തക വിതരണം പൂർത്തിയാക്കുവാൻ കഴിയുമെന്നു കരുതുന്നു.

(ഇ) ഉണ്ട്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിർണ്ണയം

*27 [147] ശ്രീ. വർക്കല കഹാർ:

,, എം. മുരളി:

,, എ. സുജനപാൽ:

,, വി. ഡി. സതീശൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിശ്ചയിക്കുന്നതിനുള്ള സമിതി മുമ്പാകെ കോളേജുകൾ അവയുടെ വരവ് ചെലവ് സംബന്ധിച്ച കണക്ക് ഹാജരാക്കുകയുണ്ടായോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഒരു സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്, സ്വാശ്രയ മെഡിക്കൽ കോളേജ്, സ്വാശ്രയ ആയുർവേദ കോളേജ്, സ്വാശ്രയ പാരാ മെഡിക്കൽ കോളേജ് എന്നിവയുടെ ശരാശരി വരവും ചെലവും എത്ര വീതമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) വരവ് ചെലവ് സംബന്ധിച്ച കണക്ക് സമിതി മുമ്പാകെ ഹാജരാക്കാത്തപക്ഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ ഫീസ് നിർണ്ണയിക്കുന്നതിന് കമ്മീഷൻ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly